


# രാജാരവിവർമ്മ ബോയ്സ് വി എച്ച് എസ് എസ് കിളിമാനൂർ

നമുക്ക് കൈയെത്തിപ്പിക്കാൻ സാധിക്കില്ല എന്ന് മനസ്സിലുറപ്പിച്ച സൈബർ ലോകം ഇന്ന് നമ്മുടെ കൈപ്പിടിയിലായിക്കഴിഞ്ഞു. അതിൽ കുഞ്ഞു കണ്ണികളായി നമ്മളും മനസ്സിൽ പതിഞ്ഞ ചിന്തകളെ അക്ഷരങ്ങളും ചിത്രങ്ങളുമായി പകർത്തിയ കൂട്ടുകാർക്കും ഒപ്പം നമ്മുടെ കുഞ്ഞു പട്ടങ്ങൾക്കും നമുക്ക് മാർഗ്ഗ നിർദ്ദേശം നൽകിയ ഗുരുക്കന്മാർക്കും നന്ദി അർപ്പിച്ചുകൊണ്ട്ഈ 'ജ്യോതിസി'നെ നിങ്ങൾക്കായി സമർപ്പിക്കുന്നു.

എന്ന് പ്രിജിത്ത്

(ചീഫ് എഡിറ്റർ)

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

പ്രിജിത്ത് പി

എഡിറ്റേഴ്സ്

സാഗർ എസ്

സൂര്യനാരായണൻ എസ് ഡി

കേശവ് എസ് സജയ്

വൈശാഖ് എം എസ്



It is very nice to see 'The little kites'club of our school is releasing online magazine 'Jyothis' so as to encourage and enrich the technology minds.

I wish all sucess to this great job and congratulate all those who work for the success of this venture.

V.R.SABU
PRINCIPAL RRVBVHSS



2019-2020 വർഷത്തിലെ ലിറ്റിൽ

കൈറ്റ്സ്സിന്റെ ആദ്യ സംരഭമായ "ജ്യോതിസി”ന് എന്റെ

എല്ലാവിധ ആശംസകളും നേരുന്നു.

എന്ന് ഹെഡ്മാസ്റ്റർ

# താളുകളിലൂടെ......

# നിഴൽ

(കവിത)



ഞാനൊരു നിഴലാകുന്നു;
നശ്വരമാകുന്നു,
ബിംബമാകുന്നു,
മിഥ്യയാകുന്നു.

വിശ്വാസ വഞ്ചകനാകുന്നു,
"എന്നുടെ വേരിനു കൂട്ടായി-
നിൽക്കാതെ,

പ്രകാശപ്രസനതയിൽ,
ഓടിയൊളിക്കുന്നു".

പെടിയാകുന്നു:-
“ഇരുട്ടിന്റെ മറവിൽ-
അന്ധനായി തീരുന്നു,
ചിലരുടെ പിന്നിലെ,
അന്തകനായും.”

ഞാനാരാകുന്നു:-
"മരണത്തിൽ കരിനിഴൽപാടോ?”
"കൊലക്കയറേകും കരിനിഴലോ?”
"ആർക്കും തുണക്കാത്ത-
ക്കറുത്തൊരു സത്വമോ?”

രക്തഗന്ധം വഹിക്കുന്നു,
നിഴൽ കൈകളിലോരോന്നും.

കഴുകിടാനാകാതെ,

പുതിയൊരു ശരീരം തേടി,

ഗതികിട്ടാതലയുന്ന-

ഒരാത്മാവ് പോലെ.....

- കാർത്തിക്.എസ്സ്.സജയ്

10 എ

ആർ.ആർ.വി.ബി.വി.എച്ച്.എസ്സ്.എസ്സ്

കിളിമാനൂർ






# വിജ്ഞാന കൗതുകം

- കത്രിക കണ്ടുപിടിച്ചത് പ്രസിദ്ധ ചിത്രകാരനായ ലിയനാർഡോ ഡാവിഞ്ചി ആണ്.
- 4500 വർഷം മുൻപ് ചൈനകാരാണ് കാന്തം കണ്ടെത്തിയത്
- പ്രകൃതിയിൽ ഒരു ജീവിക്ക് മാത്രമേ മലർന്ന് കിടന്ന് ഉറങ്ങാൻ കഴിയൂ. അത് മനുഷ്യനാണ് .
- എത്ര നേരം വേണമെങ്കിലും നിന്നുറങ്ങാൻ കുതിരകൾക്ക്കഴിയും
- പ്രസിദ്ധ ആംഗലേയ കവിയായ ഷെല്ലി മുങ്ങി മരിക്കുകയായിരുന്നു. പുഴയോരത്തു തന്നെ അദ്ദേഹത്തിനു ചിതയൊരുക്കി. പക്ഷെ അദ്ദേഹത്തിന്റെ ഹൃദയം മാത്രം എരിഞ്ഞു പോയില്ലത്രേ! പിന്നീട് അദ്ദേഹത്തിന്റെ ഭാര്യ മരണം വരെ ആ ഹൃദയം സൂക്ഷിച്ചിരുന്നു.
- എട്ടുകാലികൾ മയക്കുമരുന്നും, പശയും, എണ്ണയും, നൂലുമെല്ലാം സ്വന്തം ശരീരത്തിൽ നിന്ന് തന്നെ ഉണ്ടാക്കും.
- യഥാർത്ഥ വജ്രത്തിന് കൃത്രിമ വജ്രത്തെക്കാൾ തണുപ്പ് കൂടുതലാണ്.
- മൊറൊക്കോ ഭരിച്ചിരുന്ന ഇസ്മയിൽ രാജാവിന് 548 പുത്രന്മാരും 340

പുത്രിമാരും ഉണ്ടായിരുന്നു.

അമൽ. എസ്സ്
9a






# സ്വച്ഛഭാരതം

## ശുചിത്വഭാരതം

നമ്മുടെ പ്രവർത്തികളുടെ ബുദ്ധിശൂന്യതയെ നാം ചോദ്യം ചെയ്യാൻ തുടങ്ങിയത് ഈയിടെ മാത്രം.കരയിലും വെള്ളത്തിലും വായുവിലും മലിനീകരണം ഉണ്ടാകുന്നത് ഒരു മാന്ത്രികവടി ഉപയോഗിച്ചെന്നപോലെ നമുക്ക് തുടച്ചുമാറ്റാൻ കഴിയുമായിരുന്നെങ്കിൽ ....പക്ഷേ ആവില്ലല്ലോ.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ഉദാത്ത സങ്കൽപ്പങ്ങളിൽ ഒന്നിന്റെ പൂർത്തീകരണത്തിനായി രാജ്യം അദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ 2 മുതൽ ഒരു മഹായജ്ഞത്തിന് തുടക്കം കുറിച്ചു.'സ്വഛഭാരത് നഗരവത്കരണവും വ്യവസായവത്കരണവും'ചുമതലബോധമില്ലാത്ത സ്വാതന്ത്ര്യത്തിന്റെ ഭാഗമായ വലിച്ചെറിയൽ സംസ്കാരവും മാലിന്യകൂമ്പാരമാക്കിമാറ്റിയ നാടും നഗരവും വൃത്തിയാക്കാനുള്ള ബൃഹത്പദ്ധതി നാം ഒന്നിച്ചുചേർന്ന് അതിനായി പ്രയത്നിക്കണം.സ്വഛഭാരതം-ശുചിത്വഭാരതയജ്ഞത്തിലൂടെ സങ്കടിതശ്രമത്തിലൂടെ -ജാഗരൂകരാകുക-നല്ല നാളേയ്ക്കായി-സമ്പന്നഭാവിക്കായി.

സൂര്യനാരായണൻ

8b



## <u>ഡോ. എസ്. രാധാകൃഷ്ണൻ[1</u>

# 888- 1967]

പ്രശസ്ത പൗരസ്ത്യ തത്ത്വചിന്തകനും ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയുമായിരുന്ന ഡോ.എസ്സ്. രാധാകൃഷ്ണൻ ആന്ധ്രാപ്രദേശിലെ തിരുത്തണി ഗ്രാമത്തിൽ 1888 സെപ്റ്റംബർ 5-ന് ജനിച്ചു.

1909-ൽ മദിരാശിയിലെ പ്രസിഡൻസി കോളേജിൽ ഫിലോസഫി പ്രൊഫസറായി. പിന്നീട് കൽക്കത്ത സർവ്വകലാശാലയിൽ പ്രൊഫസർ,ഓക്സ്ഫോഡിൽ മാഞ്ചസ്റ്റർ കോളേജിൽ താരതമ്യ മതപഠനത്തിന്റെ പ്രൊഫസർ, ആന്ധ്രസർവ്വകലാശാലയുടെ വൈസ് ചാൻസിലർ എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ടിച്ചു.

1931-36 കാലയളവിൽ ലീഗ് ഓഫ് നേഷൻസിന്റെബൗദ്ധിക സഹകരണസമിതി അംഗം, ബനാറസ് സർവ്വകലാശാലയുടെ വൈസ് ചാൻസിലർ, ഇന്ത്യൻ സ്ഥാനപതി എന്നീ പദവികളും അലങ്കരിച്ചു. 1962-67-ൽ രാഷ്ട്രപതിയും ആയിരുന്നു അദ്ദേഹം.

മുപ്പതിലേറെ സർവ്വകലാശാലകൾ രാധാകൃഷ്ണനെ ബഹുമതി

ബിരുദങ്ങൾ നൽകി ആദരിച്ചു. 1956-ൽ ഭാരതരത്നയും

അദ്ദേഹത്തിനു നൽകപ്പെട്ടു.

ഈ നൂറ്റാണ്ടിലെ പ്രമുഖ ഇന്ത്യൻ തത്ത്വ ചിന്തകരിൽ ഒരാളായിരുന്നു ഡോ.എസ്സ്. രാധാകൃഷ്ണൻ എന്ന കാര്യം ചോദ്യം ചെയ്യപ്പെടാനാവാത്തതാണ്. മൂവായിരം കോല്ലത്തെ ഇന്ത്യയുടെ തത്ത്വ ശാസ്ത്ര ചിന്ത വരച്ചു കാണിക്കുന്ന ഇന്ത്യൻ ഫിലോസഫി എന്ന ഗ്രന്ഥം തത്ത്വ ശാസ്ത്ര പരമായ മാസ്റ്റർപീസ് കൂടിയാണ്

കേശവ്.എസ്സ്.സജയ്

9a

(4)

തെന്നാലിരാമൻ കഥകൾ ഞാൻ ഇതുവരെ വായിച്ച

പുസ്തകങ്ങളിൽ ഏറ്റവും നല്ലതേതെന്ന് ചോദിച്ചാൽ ഞാൻ 'തെന്നാലിരാമൻ കഥകൾ'എന്ന് സംശയമില്ലാതെ പറയും.

പ്രശസ്ത കഥാകൃത്തായ ജോർജ് ഇമ്മട്ടി എഴുതിയ പുസ്തകമാണിത്. ഏകദേശം 33 കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഇതൊരു അതി മനോഹരമായ പുസ്തകം തന്നെയാണ്.

വിജയനഗരരാജാവായിരുന്ന കൃഷ്ണദേവരായരുടെ വിദൂഷകനായ തെന്നാലിരാമൻ നമ്മെ കുടുകുടു ചിരിപ്പിക്കുന്നു. കൂട്ടത്തിൽ ചിന്തിപ്പിക്കുകയും ചെയ്യുന്നു.വമ്പന്മാരെ കൊമ്പുകുത്തിക്കുന്ന തെന്നാലിരാമന്റെ കഥകൾ കുട്ടികൾക്ക് ആവേശവും ആനന്ദവുമുളവാക്കുന്നു.ആത്മവിശ്വാസം വളർത്താനും വ്യക്തിത്വവികാസത്തിനും ഇത്തരം കഥകൾ പര്യാപ്തമാണ്.പ്രതിസന്ധികൾ അനായാസം തരണം ചെയ്യാൻ തെന്നാലിരാമനറിയാം.പലതവണ മരണത്തിന്റെ വായിൽ ചെന്നുപെട്ടിട്ടും ഒരു പോറൽ പോലും ഏൽക്കാതെ തെന്നാലിരാമൻ അത്ഭുതകരമാം വണ്ണം രക്ഷപ്പെടുന്നതിന്റെ മനോഹരങ്ങളായ ചിത്രങ്ങൾ ഈ ഗ്രന്ഥത്തിലുടനീളം കാണാം.ഇതെല്ലാംതന്നെയാണ് എനിക്ക് ഈ പുസ്തകം

ഇഷ്ടപ്പെടാൻ പ്രധാനകാരണം ജനനം മുതൽ മരണം വരെയുള്ള തെന്നാലിരാമന്റെ ജീവിതം 54 ഘട്ടങ്ങളായി ഒരു തുടർകഥയായി ആണ് ജോർജ് ഇമ്മട്ടി ഈ കഥ എഴുതിയിരിക്കുന്നത്.എനിക്ക് തെന്നാലിരാമന്റെ വാക്ചാതുര്യം തന്നെയാണ് ഏറ്റവും ഇഷ്ടപ്പെട്ടത്.ഈ പുസ്തകം വായിക്കുന്ന ഒരാൾക്ക് പിന്നെപ്പിന്നേയും വായിക്കാനും ഒപ്പം മറ്റുള്ളവരെ ഇതു വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. തെന്നാലി രാമനെന്ന മഹത് വ്യക്തി ജീവിച്ചിരുന്നു എന്ന് മനസ്സിലാക്കുമ്പോൾ നാം അഭിമാനം കൊള്ളണം. ഒരു പക്ഷെ ഈ പുസ്തകം വായിച്ചിരിന്നില്ല എങ്കിൽ അത് എനിക്കേറ്റവും വലിയ ഒരു നഷ്ടമായിരുന്നേനെ

സാഗർ.എസ്സ്.




shutterstock.com • 1095757571

# വിജയത്തിന്റെ മന്ത്രസൂക്തങ്ങൾ

ശക്തിയിൽ കുതിരയെപ്പോലെ
ഗാംഭീര്യത്തിൽ സിംഹത്തെപ്പോലെ
തലയെടുപ്പിൽ ആനയെപ്പോലെ
ലക്ഷ്യബോധത്തിൽ കഴുകനെപ്പോലെ
പരിശ്രമത്തിൽ ചിലന്തിയെപ്പോലെ
ക്ഷമയിൽ ഋഷിയെപ്പോലെ
ഉറപ്പിൽ പാറയെപ്പോലെ

സമ്പാദ്യത്തിൽ ഉറുമ്പിനെപ്പോലെ
മനശ്ശുദ്ധിയിൽ ശിശ്ശുവിനെപ്പോലെ
കനിവിൽ മരങ്ങളെപ്പോലെ
സ്നേഹത്തിൽ അമ്മയെപ്പോലെ
മനസ്സ് ആകാശം പോലെ
വിജയത്തിൽ നക്ഷത്രങ്ങളെപ്പോലെ
അനശ്വരതയിൽ സൂര്യനെപ്പോലെസാഗർ

സാഗർ.എസ്സ്.
9A



# വിശ്വാസം

**‘ജീവിതത്തിൽ അവസാന നാളുകൾ അടിഞ്ഞു. അവൻ കിടക്കയിൽ നിന്നെഴുന്നേറ്റ്**

മുറ്റത്തേക്കിറങ്ങി. അവനെ പോലെ തന്നെ അവന്റെ സ്വത്തുകളും നശിച്ച് തുടങ്ങിയിരുന്നു.

**1980-90 കാലഘട്ടം.**

ഗ്രാമത്തിന്റെ സൗന്ദര്യം രാമന്റെ സ്വത്തുകളിലൂടയാണ്. രാമൻ തികച്ചും ഒരു സമ്പന്നനാണ്. രാമന്റെ സമ്പത്ത് എന്ന് പറയുന്നത് കൃഷിയും,കൃഷിയിടങ്ങളുമാണ്. ഗ്രാമത്തെ കുറിച്ച് പറയണമെങ്കിൽ രാമന്റെ കൃഷിയിൽ നിന്ന് തുടങ്ങണം, ഗ്രാമത്തിലെ ഭൂരിഭാഗം കൃഷിയിടങ്ങളും രാമന്റെതാണ്. രാമൻ വിശാലമനസ്സുള്ളവനായതു കൊണ്ട് അതിലെ ഒരു ഭാഗം കൃഷിയിടം അവിടത്തെ സാധുക്കൾക്ക് സൗജന്യമായി കൃഷിക്ക് നൽകി. ബാക്കി സ്ഥലത്ത് രാമനും കൂട്ടാളികളും ചേർന്ന് കൃഷി നടത്തുന്നു. രാമന് ഒരു മകനുണ്ട്. തന്റെ മകന്റെ ജനന ശേഷം തന്റെ ഭാര്യ മരണപ്പെട്ടു. പിന്നെ അവന്റെ അച്ചനും അമ്മയുമെല്ലാം രാമൻ തന്നെയാണ്. രാമന്റെ ആഗ്രഹം വയസ്സുകാലത്തു തന്നെ സംരക്ഷിക്കാൻ കഴിവുള്ള ഒരു ഡോക്ടറായി മകനെ കാണണമെന്നാണ്. അതിനുവേണ്ടിയാണ് രാമൻ സമ്പാദിക്കുന്നത്.

**1990-2000 കാലഘട്ടം.**

രാമന്റെ മകൻ വളർന്നു. അവന് എം.ബി.ബീഎസ്സ്ന് അഡ്മിഷൻ കിട്ടിയ കാര്യം ഗ്രാമത്തിൽ ഒരു ഉത്സവംപ്പോലെ കൊണ്ടാടി. ഇന്ന് രാമന്റെ മകൻ ട്രെയിൻ കയറുകയാണ് ബാംഗ്ലൂരിലേക്ക്. രാമനോട് മകൻ യാത്ര ചോദിച്ചു. രാമന്റ മകൻ ഉന്നത വിദ്യാഭ്യാസങ്ങൾ നേടി 'കേരളത്തിലെ തന്നെ ഒന്നാമൻ' എന്ന പ്രശസ്തിക്ക് അർഹനായി. എന്നാൽ അവന് അച്ഛന്റെ ആഗ്രഹം പോലെ ആ ഗ്രാമത്തിൽ സേവനം അനുഷ്ഠിക്കാൻ താത്പര്യം ഇല്ലായിരുന്നു.അവന് അവന്റെ പ്രശസ്തിക്ക്നുസരിച്ച് വളരണം എന്ന അത്യാഗ്രഹം അവനെ അതിൽ നിന്ന് തിരിച്ച് വിട്ടു. അതറിഞ്ഞ രാമൻ തളർന്നു. മകൻ ഫോറിനിലേക്ക് പോയി. രാമൻ നാണക്കേട് വിചാരിച്ച് വീട്ടിൽ നിന്ന് പുറത്തിറങ്ങാതായി. രാമന്റെ കൃഷി മുഴുവൻ നശിച്ചു. പതിയെ പതിയെ രാമനും നശിച്ചു. ജീവിതത്തിന്റെ അവസാന കാലഘട്ടങ്ങൾ എത്തി എന്ന്

രാമന് തോന്നി. വൈകാതെ തന്നെ കൃഷിയോടൊപ്പം രാമനും പോയി. രാമന്റെ മരണവാർത്തയറിഞ്ഞ് വന്ന മകനോട് നാട്ടുകർക്ക് നല്ല സ്വരമല്ലായിരുന്നു ഉണ്ടായിരുന്നത്. കർമ്മങ്ങൾക്ക് ശേഷം നാട്ടുകാരെല്ലാം പിരിഞ്ഞ് പോയി. രാമന്റെ സുഹൃത്തായ ഒരാൾ രാമന്റെ മകനോട് പറഞ്ഞു. 'നിന്നെ വളർത്തിയത് ഈ നാടാണ് നിന്റെ ആഗ്രഹങ്ങൾക്ക് വേണ്ടി സ്വന്തം ആഗ്രഹം ത്യജിച്ചവനാണ് നിന്റെ അച്ഛൻ. അവസാന നാളുകളിൽ നീ ഉണ്ടാകുമെന്ന് വിചാരിച്ച രാമൻ മനം നൊന്താണ് മരിച്ചത്. ആ വേദന നിന്നെ വിട്ട് ഒരിക്കലും പിരിയില്ല. ഇത്രയും പറഞ്ഞ് അയ്യാൾ മടങ്ങി പ്പോയി. രാമൻ തിരികെ ഫോറിനിലേക്ക് പോയി . ഈകാര്യങ്ങൾ അവന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. വല്ലാത്ത മാനസികാവസ്ഥയിലായിരുന്ന രാമന്റ മകന് അപ്രതീക്ഷിതമായി ട്ടായിരുന്നു. ഒരു മേജർ ഓപ്പറേഷൻ ഏറ്റെടുത്തത്. വിധിയുടെ വിളയാട്ടം എന്നു പറയുന്നതു പ്പോലെ ആ ഓപ്പറേഷൻ പൂർത്തികരിക്കാൻ അവന് കഴിഞ്ഞില്ല. അവന്റെ കൈകൾ വിറച്ചു. കണ്ണുകൾ നിറഞ്ഞു. മനസ്സ് പതറി. അച്ഛന്റെ മുഖം ഓർത്ത അവൻ ആ പരീക്ഷണത്തിൽ പരാജയപ്പെട്ടു. അവൻ വളർന്നതുപോലെ തന്നെ അവൻ തളരാനും തുടങ്ങി. അവന്റെ പ്രശസ്തി മുഴുവൻ നശിച്ചു. അവനിപ്പോൾ ആരുമില്ല. സ്വന്തം നാടില്ല, സ്വന്തം അച്ഛനില്ല, നാട്ടുകാരില്ല, സ്വന്തം എന്നു പറയാൻ ഒരു പദവിയും ഇല്ല അന്നവൻ ഒരു പാഠം പഠിച്ചു. വന്ന വഴി മറക്കരുതെന്ന്. അവന്റെ ജീവിതത്തിലെ ഉയർച്ച എന്നു കരുതിയ നിമിഷങ്ങളെല്ലാം പരാജയത്തിന്റെ ചവിട്ടുപടികളായിരുന്നു. എന്ന് അവൻ മനസ്സിലാക്കി. ഈചിന്ത അവന്റെ ജീവിതത്തെ സഫലമാകട്ടെ എന്ന വിശ്വാസം.

അൻസിൽ എ.എസ്സ്
**9A**

# അതിജീവനം (കഥ)



അച്ഛൻ ഉപേക്ഷിച്ച സമയത്ത് ആ അമ്മയും രണ്ടുമക്കളും

ഏകാന്തത നേരിടേണ്ടിവരുന്നു. എന്നാൽ മൂന്നുപേരും

അതിനെ തരണം ചെയ്യാൻ തീരുമാനിച്ചു. തളരാതെ,

പിന്നോട്ടുപോകാതെ പശുവിനെ വളർത്തി അവർ ജീവിച്ചു. ആ

അമ്മ കഷ്ടപ്പാടുകളും ദു:ഖങ്ങളും തന്റെ മക്കളെ

അറിയിക്കാതിരിക്കാൻ അങ്ങയറ്റം ശ്രമിച്ചു. പക്ഷേ മക്കൾക്ക് ആ

കഷ്ടപ്പാടിന്റെ തീവ്രത മനസ്സിലായി. അവരും ആ കഷ്ടപ്പാടിൽ

പങ്കാളികളാവാൻ തുടങ്ങി. പക്ഷേ ആ അമ്മ പരമാവധി തന്റെ

മക്കളെ കഷ്ടപ്പാടിൽ നിന്നും ദു:ഖങ്ങളിൽ നിന്നും അകറ്റി

നിർത്തി.

ഈ കഷ്ടപ്പാടിന് പ്രതിഫലമായി മക്കൾക്ക്



നൽകാനാവുന്നത് പഠനത്തിലെ മികവും മികച്ച നേട്ടങ്ങളും ആയിരുന്നു. അവർ തങ്ങളാൽ കഴിയുന്ന രീതിയിൽ നിർവഹിച്ചു. ആ ദു:ഖത്തിന്റെ നടുവിൽ നിന്ന് അമ്മയെ കരകയറ്റിയത് ഇത്തരം നേട്ടങ്ങൾ തന്റെ മക്കൾ കൈവരിക്കുമ്പോഴാണ്. മനസ്സലിവ് ഉള്ള ഒരു സ്ത്രീയായിരുന്നു ആ അമ്മ. അതുകൊണ്ട് ആ അമ്മ ദു:ഖം വരുമ്പോൾ പെട്ടെന്ന് കരയുകയും,സന്തോഷം വരുമ്പോൾ പെട്ടെന്ന് ചിരിക്കുകയും ചെയ്യുന്നു.ശ്വാസംമുട്ടൽ പിന്നെ ഒരു ഓപ്പറേഷൻ ചെയ്യേണ്ടിവരുന്ന ഒരസുഖവും ആ അമ്മയ്ക്കുണ്ടായിരുന്നു. ആ അമ്മയെ ശുശ്രൂക്ഷിച്ച് സന്തോഷപൂർണമായ ഒരുജീവിതത്തിൽ കൊണ്ടെത്തിക്കണം എന്നാണ് ആ മകന്റെ ആഗ്രഹം. അതിനായി അവൻ യാത്ര തുടർന്നുകൊണ്ടിരുന്നു.

അമൽ.എസ്

9 എ

ആർ.ആർ.വി.ബി.വി.എച്ച്.എസ്.എസ് കിളിമാനൂർ

# കിണറ്റിലെ മത്സ്യകന്യകയും ഭൂതവും



ഒരു പഞ്ചവൻ ഗ്രാമം എന്ന സ്ഥലമുണ്ടായിരുന്നു. കാടുകയറി ഇപ്പോൾ നശിച്ച് നരഗിച്ച സ്ഥലം ഒരിക്കൽ കുറേ കുട്ടികളും ഒരു തമിഴൻ പയ്യനും ആ കാട് വെട്ടിത്തളിച്ച് ക്രിക്കറ്റ് കളിക്കാൻ പാകത്തിനുള്ള ഒരു വല്ലിയ ഗ്രൗണ്ടാക്കി പക്ഷേ ഒരു കിണർ ഒത്ത നടുവിൽ ഉണ്ടായിരുന്നു. കളിക്കാൻ ഗ്രാമത്തിൽ സ്ഥലമില്ലായിരുന്നതിനാൽ തൊട്ടടുത്ത പഞ്ചവൻ ഗ്രാമം കളി സ്ഥലമാക്കാൻ രാജാവ് തീരുമാനിച്ച് കുറച്ച് പാറപൊട്ടിക്കുന്ന മനുഷ്യരെ കൊണ്ട് വന്ന് കിണർ ഇടിക്കാൻ രാജാവ് തീരുമാനിച്ചു. ആളുകൾ വന്നു കിണർ ഇടിക്കാൻ നോക്കി ഇടിഞ്ഞില്ല. വല്ലിയ വല്ലിയ വല്ലിയ യന്ത്രങ്ങളും മറ്റും കോണ്ട് വന്നു നോക്കി അത് ഇട്ഞ്ഞില്ല ഒരു ദിവസം ഒരു പാറപൊട്ടിക്കുന്ന ആൾ വന്ന് ശ്രമിച്ചു. അയ്യാളെ ഒരു വല്ലിയ കൈകൾ വന്ന് കിനട്ടിലിട്ടു അയ്യാളുടെ ശവം പൊങ്ങി. രാജാവ് വളരെ പരിഭ്രാന്തനായി ദിവസവും ഓരോ മരണം പതിവായി. രാജാവ് ഒരു വിളമ്പരം ചെയ്തു ഇന്ന് മുതൽ ആരും പഞ്ചവൻ കാട്ടിൽ പോവരുത് എന്നും വിളമ്പരം ചെയ്തു. പക്ഷെ കളിസ്ഥലം കിട്ടിയില്ല രാജാവ് ഒരു പൂജാരിയെ വിളിച്ച് കാര്യം പറഞ്ഞു. പൂജാരി ഒരു മാല [ രുദ്രാക്ഷം] രാജാവിന്റെ കൈകളിൽ കൊടുത്ത് പറഞ്ഞു ഇത് കിണറിനടുത്ത് എവിടെയെങ്കിലും ഉപേക്ഷിച്ച് പണി തുടരണം പക്ഷെ കിണറിടിക്കാൻ ആരും തയ്യാറായില്ല. അവസാനം രാജാവ് കിണറിടിക്കാൻ തീരുമാനിച്ചു. രാജാവിന്റെ കഷ്ടപ്പാട്

കണ്ടും 'നമുക്ക് കളിക്കാൻ ഒരുസ്ഥലം ആകും എന്നും കരുതി തമിഴനും കൂട്ടരും രാജാവിനെ സഹായിച്ചു. അവർ കിണറിടിച്ചു. അതിൽ മണലിട്ട് നിറച്ച് ഒരു അടപ്പിട്ടടച്ച് വച്ചു. പക്ഷെ ഓരോ ദിവസം കടുമ്പോഴും മണൽ പുറത്ത് വരുന്നു, അവസാനം അടപ്പ് കുലുങ്ങാൻ തുടങ്ങി. രാജാവിനെ അറിയിച്ചാൽ പിന്നെ കളിക്കാൻ കഴിയില്ല എന്ന് ധരിച്ച് കുട്ടികൾ അടപ്പ് തുറന്നു. പെട്ടന്ന്! കിണറ്റിൽ നിന്നും വല്ലിയ ഭൂതം കുട്ടികളെ ഓരോന്നിനെയായി പിടിച്ചു തിന്നാൻ നോക്കി. അവർ അമ്മയെ മനസ്സിൽ വിചാരിച്ച് 'അമ്മ'! എന്ന് ഉറക്കെ വിളിച്ചു കിണറ്റിൽ നിന്ന് ഒരു സുഗന്ധം വന്നു. മീനുകൾ കടലിൽ ചാടുന്നത് പോലെ മീനുകൾ ചാടാൻ തുടങ്ങി. പെട്ടന്ന് ഒരു മത്സ്യകന്യക വന്ന് മത്സ്യകന്യകയുടെ കാവൽകാരനായ ഭൂതം കന്യകയെ വണങ്ങി കുട്ടികൾ ഒരേ സ്വരത്തിൽ ഭൂതം മത്സ്യകന്യകയുടെ കാവൽകാരനോ? മത്സ്യകന്യക കുട്ടികളോട് പറഞ്ഞു മക്കളെ എന്നെ ഇവരൊക്കെ അമ്മ എന്ന രണ്ടക്ഷരമാണ്, വിളിക്കുന്നത് അപ്പോൾ പിന്നെ ഭൂമിയിലെ മക്കൾ വിളിക്കുമ്പോൾ ഞാൻ എങ്ങനെ വരാതിരിക്കും, പിന്നെ ഈ ഭൂതം പണ്ട് ഒരു ക്രൂരനായിരുന്നു ഞാൻ ഇവന്റെ ക്രൂരതകൾ മനസ്സിലാക്കി ഇവനെ നന്നാക്കി എന്റെ കൈയുടെ സ്പർശനമേറ്റപ്പോൾ ഇവൻ മരണമില്ലാത്തവനും, നല്ലവനും ആയിതീർന്നു. ഇവൻ നിങ്ങളെ തിന്നാൻ നോക്കിയതല്ല നിങ്ങളെ എന്റെ അടുത്തെത്തിക്കാൻ ഞാൻ പറഞ്ഞ് വിട്ടതാണ്. പക്ഷെ ഇവന്റെ വിശപ്പ് ഇവനെ ക്രൂരതയുടെ ലോകത്ത് എത്തിക്കാൻ ശ്രമിച്ചു. ഇവൻ ഇപ്പോൾ ഭക്ഷണം കഴിക്കട്ടെ പിന്നെ നിങ്ങൾ വിചാരിച്ച മരണപ്പെട്ടവർ അവർ ഇവിടെ ഉണ്ട്. മരണപ്പെട്ടുഎന്ന് കരുതിയ ആൾക്കാർ തിരികെ വന്നു നിൽക്കുന്നു. ഇനി നിങ്ങളുടെ ഒരാഗ്രഹം ഞാൻ സാധ്യമാക്കിത്തരം. അവർ

**ആഗ്രഹം പറഞ്ഞു. ഈ ഗ്രൗണ്ട് ശരിയാവണം അതോടൊപ്പം രാജാവിനും നാട്ടുകർക്കും സമ്പൽ സമൃദ്ധി വരണം ഇതാണ് ആഗ്രഹം. ഇത് നടക്കും തഥാസ്തു. അവൻ ഇപ്പോൾ സ്നേഹത്തോടുകൂടി സമ്പൽ സമൃദ്ധിയോടെ കഴിയുന്നു.**

**ആരോമൽ. S.**

# <u>ഇണയെവിടെ</u>

**അഞ്ചാറു ദിവസം മുമ്പ് ദമ്പതിമാരെ പോലിരുന്നവരിൽ, ആപെൺകിളി ഇന്ന് ഏകാന്തമായി നിൽക്കുന്നു. കാരണം അതിന്റെ കരച്ചിലിൽ നിന്ന് മനസ്സിലാക്കാം. 'ഇണയെവിടെ എന്ന്.'' 'എന്റെ കൂട് എവിടെ '** ''ഞാൻ താമസിച്ചിരുന്ന വീടെവിടെ' ഇതെല്ലാം ആ പെൺകിളി ചോദിക്കുന്നത് മനുഷ്യനോടാണ്. മനുഷ്യൻ എന്ന ചൂഷണ ബുദ്ധിമാൻമാർ. അവരാണ് പെണകിളിയുടെ ഇണയെയും, കൂടിനെയും,മരത്തെയും നശിപ്പിച്ചത്. മനുഷ്യൻ പ്രകൃതി നിയമം തെറ്റിക്കുന്നു. എന്നാൽ അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുന്നത് എല്ലാരും തന്നെയാണ്. ഇതുപ്പോലെ എത്രയോ പക്ഷികൾ തന്റെ പ്രതികാരങ്ങൾ മനുഷ്യനോട് പറയുന്നു. പക്ഷേ അതിനെ ചെവിക്കൊണ്ടില്ല. അതിൽ ഒരാൾ മാത്രമാണ് ഈ പെൺകിളി. അത് അതിന്റെ അവസാന ശ്വസംവരെ ചോദിക്കുന്നു.'എന്റെ ഇണയെവിടെ' 'എന്റെ കൂടെവിടെ' 'ഞാൻ താമസിച്ച മരം എവിടെ '. പറയൂ. നിങ്ങളാണ് മറുപടി



# പറയേണ്ടത്.

അമൽ .എസ്സ്

1. അടുപ്പിൽ തിണ്ണേലമ്മായി?
   പൂച്ച
2. അലകുമെടഞ്ഞൊരമ്പലത്തിൽ അറിവിന്നമ്മേടെ വിളയാട്ടം?
   നാവ്
3. ചുവന്ന മകൻ കറുത്തവനാകും കുളിച്ചാൽ ?
   തീക്കട്ട
4. അമ്മ കിടക്കയിൽ മകൾ ന്രത്തശാലയിൽ?
   അമ്മികല്ല്
5. അടി പാറ, നടുവടി, തല ളുപ്പ്?
   ചേന
6. കാട്ടുപുല്ല് വീട്ട് സഭയിൽ?
   പുൽപ്പായ്
7. കാട്ടിലെയുർവശി കണ്ണെഴുതി ?
   കുന്നികുരു
8. കുലുകുലു കോമ്പത്തായിരം മാങ്ങ?
   ചാമ

9. എന്റെമ്മയ്ക്ക് തോളോളം വള?
കമുക്

10. കാട്ടിൽ ഒരു പിടി പഴയരി?
ചിതൽ

അമരീഷ്
9A





# കഥകളി ചരിത്രം

കേരളീയരുടെ തനതു കലയാണ് കഥകളി കേരളത്തിൽ പ്രചരിക്കുന്ന അനുഷ്ഠാന കലകളോടും മറ്റു നാടോടി കലകളോടും കഥകളിക്ക് ബന്ധമുണ്ട്.

ആട്ടക്കലാ സാഹിത്യത്തിലെ എക്കാലത്തെയും ഏറ്റവും മകച്ച കലാരീതികളിലൊന്നായാണ് കഥകളിയെ കണക്കാക്കുന്നത് കുത്തിയോട്ടത്തോടാണ് കഥകളിക്കുണ്ട്  കഥകളിക്ക് കൃഷ്ണ നാട്ട്യവുമായി ഗാഢമായ ബന്ധമുണ്ട് കഥകളിയിലെ ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും മുടി കൃഷ്ണനാട്ട്യത്തിന്റെ  രീതിയിലുള്ളതാണ്  കഥാവിഭജനത്തിനും സാമ്യമുണ്ട് കൃഷ്ണനാട്ട്യത്തിലെ രീതിയനുസരിച്ച് ശ്ലോകങ്ങൾ മുഖേന കഥാപാത്രങ്ങെ അവതരിപ്പിക്കുക പദങ്ങൾ മുഖേന അവരുടെ സംഭാഷണങ്ങൾ നിർവ്വഹിക്കുകയും ചെയുന്നത് ഇതെല്ലാം കഥകളിയെ സ്വാധീനിക്കുന്ന കഥകളിക്കു പിന്നിൽ

വലിയ ഒരു ചരിത്രമുണ്ട്.

കൊട്ടാരക്കര തമ്പുരാൻ രൂപം നൽകിയ രാമനാട്ടമാണ് പിന്നീട് കഥകളിയായി പരിണമിച്ചത്.ഒരിക്കൽ മാനവേദ സാമൂതിരിയുടെ കൃഷ്ണനാട്ട്യത്തെ തന്റെ നാട്ടിലേക്ക് ക്ഷണിച്ചു.കൃഷ്ണനാട്ട്യം കണ്ടുരസിക്കാൻ പ്രാപ്തിയുളവർ തെക്ക് ഇല്ലെന്നും ആക്ഷേപിച്ച സാമൂതിരി ക്ഷണം നിരസിച്ചു ഇതിൽ അമർഷം പൂണ്ട കൊട്ടാരക്കര തമ്പുരാൻ കൃഷ്ണ നാട്ട്യത്തിനു പകരം രാമായണകഥ അഭിനയത്തിനു യോജിച്ച രീതിയിൽ രാമനാട്ട്യം എന്ന പേരിൽ ചിട്ടപ്പെടുത്തി.പല പരിഷ്കാരങ്ങളിലൂടെ ഇതു പിന്നീട് കഥകളിയായി മാറി ഇതാണ് കഥകളിക്കുപിനിലെ ചരിത്രം.

കഥകളിക്ക് മൂന്ന് സമ്പ്രദായമുണ്ട്

1.വെട്ടത്തു സമ്പ്രദായം
2.കപ്ലിങ്ങാടൻ സമ്പ്രദായം
3.കല്ലു വഴി ചിട്ട



ഇതാണ് മൂന്ന് സമ്പ്രദായം.

പ്രിജിത്ത്.പി
9.എ
ർ.ർ.വി.ബി.വി.എച്ച്.എസ്സ്.എസ്സ്
കിളിമാന്നൂർ

# ഗദ്യം



# വേഷവിധാനം

കേരളത്തെ ലോക പ്രശ്തിയിലേക്ക് ഉയർത്തിയ ഒരു കലാരൂപമാണ് കഥകളി.കൊട്ടാരക്കര തമ്പുരാനാണ് കഥകളിയുടെ ഉപജ്ഞേതാവ് എന്ന് കരുതപ്പെടുന്നു.കഥകളിയുടെ

ആദ്യരൂപം രാമനാട്ടമായിരുന്നു പ്രധാനമായും വേഷങ്ങളാണ് കഥകളിക്കുള്ളത്.

1.പച്ച

2.കത്തി

3.കരി

4.താടി

5.മിനുക്ക്

6.പഴുപ്പ് എന്നിങ്ങനെയാണ് വേഷങ്ങൾ



## 1)<u>പച്ച</u>

സത്യഗുണപ്രധാനരായധിരോദാത്ത നായകൻ മാർക്കാന്ന് പച്ചവേഷം

ശ്രീരാമൻ,ശ്രീകൃഷ്ണൻ,നളൻ,അർജ്ജുനൻ,ഇന്ദ്രൻ തുടങ്ങിയവർ പച്ചപേഷക്കരാണ്.

## 2)കത്തി

രജോഗുണ പ്രധാനമായ കഥാപാത്രങ്ങൾക്കാണ്

കത്തിവേഷം. പ്രതിനായകൻമാർ
കത്തിവേഷകാരായിരുന്ന വീരരസമാണ് പ്രധാന

ഭാവം.

1. കുറും കത്തി
2. നെടും കത്തി

എന്നിങ്ങനെ കത്തിവേഷത്തെ 2-ായിതിരിച്ചിരുന്നു

ദുര്യോദനനും രാവണനും കുറുംകത്തിയാണ്.

ഘടോൽക്കച്ചൻ,കാലകേയൻ,ഹിഡുംബൻ

തുടങ്ങിയവർ നെടുകത്തിവേഷകാരനാണ്.

## 3)താടി

വെള്ളത്തടി, ചുവന്നതാടി, കറുത്തതാടി എന്നിങ്ങനെ

താടി വേഷങ്ങൾ 3 വിഭാഗം ഉണ്ട്. സത്യം,രജസ്സ്,തമസ്സ് എന്നീഗുണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വിഭജനം. ഹനുമാൻ വെള്ള താടിയാണ്. ബാലി,സുഗ്രീവൻ ,പ്രഹസ്തൻ, ത്രിഗർത്തൻ തുടങ്ങയവർ ചുവന്നതാടിക്കാരനാണ്. യുദ്ധത്തിനിറങ്ങുന്ന സേനാന്നായകൻമാരും ഈവേഷക്കാരനാണ്. കലി കറുത്ത താടിയാണ്. രൗദ്ര ഭാവമുള്ള താമോഗുണമാണ് ഇവരുടെ പ്രത്യകത.

## 4)<u>കരി</u>

താമോഗുണമുള്ള വർക്കാണ് കരിവേഷം. ശൂർപ്പണവ,പൂതന,സിംഹിക,താടക എന്തിവർ കരിവേഷക്കാരാണ്. കാട്ടാളൻ പുരുഷ കരി വേഷമാണ്.

## 5)മിനക്ക്

സന്യാസിമാർ, സ്ത്രീകൾ,ബ്രാഹ്മണർ,ദൂതൻമാർ എന്നിവരാണ് മിനുക്ക് വേഷക്കാർ. ഇതിലെ സത്രീവേഷക്കാരുടെ വസ്ത്രധാരണയിലും ആഭരണങ്ങളില്ലും ചെറിയ വ്യത്യാസം കാണാൻ കഴിയും.

കഥകളി നമ്മിലേക്ക് ആകർഷിക്കുന്നതിൽ അതിന്റെ വസ്ത്രധാരണരീതിയും ചമയങ്ങളും ഒക്കെയാണ് കഥകളിയുടെ വേഷത്തിന്റെ ഒരു കേരളീയത ഒളിഞ്ഞു കിടക്കുന്നുണ്ട്. പ്രകൃതിയിൽ നിന്നുതന്നെയാണ്.

കഥകളിയിലേക്കാവശ്യമായ നിറങ്ങൾ ഒക്കെ ഉണ്ടാക്കുന്നത്.വളരെ പ്രത്യേകതയുള

വസ്ത്രധാരണ രീതിയാണ് അതിലേത്. മറ്റു
കലകളിലെ വസ്ത്രധാരണയിൽ നിന്ന്
വ്യത്യസ്ഥമാണ് കഥകളിയിലെ വേഷം ഓരോ
കഥാപാത്രത്തിനും ഓരോ വേഷവിധാനങ്ങളാണ്.
അതു കൊണ്ടു തന്നെ വളരെപ്പെട്ടെന്ന് നമുക്ക് ഓരോ
കഥാപാത്രതിനും ഓരോ വേഷവിധാനങ്ങളാണ്.
അതുകൊണ്ടുതന്നെ വളരെപ്പെട്ടെന്ന് നമുക്ക് ഓരോ
കഥാപ്പാത്രങ്ങളെയും മനസ്സിലാക്കാൻ
കഴിയും.



പ്രിജിത്ത്.പി
9.എ

# അഭിനയരീതികൾ

കേരളത്തിലെ കലാരൂപമായ കഥകളിയിൽ അഭിനയരൂപത്തിന് വളരെ പ്രധാന്യമുണ്ട്. ഇതിലെ അഭിനയത്തെ നവരസങ്ങൾ എന്നാണ് പറയുന്നത്. ഇവയെ 9-തായി തിരിച്ചിട്ടുണ്ട്.

1)ശൃംഗാരം
2)വീരം
3)കരുണം
4)അത്ഭുദം
5)ഹാസ്യം
6)ഭയാനകം
7)രൗദ്രം
8)ബീഭത്സം
9)ശാന്തം.



# 1.ശൃംഗാരം

ശൃംഗാരം വരണമെങ്കിൽ കൺമിഴികൾ മദ്ധ്യേനിർത്തി. കൺതടങ്ങളേറ്റിച്ചെറു ചുണ്ടുകൾ ചേർത്തു ചിരിയോടരിയ പുരികളമിളക്കുക.

# 2)വീരം

കണ്ണുകൾ നന്നായി തുറന്നു കരിമിഴികൾ തെല്ലു താഴ്ത്തിപുരികമേറ്റിയുരുതരം നടൻ നിജ.

## 3)<u>കരുണം</u>

നേത്രങ്ങൾ നന്നായി ചെറുതാക്കി മിഴികൾ രണ്ടും ചേറ്റേറ്റുമ്പോൾ ദുഃഖമാളിലൊട്ടടച്ചു പുജിരിചേർത്തു പുരികമിളക്കുന്നു.

## 4)<u>അത്ഭുതം</u>

അത്ഭുതരസമെന്നാകിൽ വിഭ്രാമം വെടിഞ്ഞുനേത്രം ചെറ്റടച്ചു വിട്ടു നോക്കി ചിരിയഥു വിട്ടു വിട്ട് പുരികമിളക്കീടും.

# 5)ഹാസ്യം

നേത്രങ്ങളൊരു പുറത്തായ്.ചേർത്തു മേൽകീഴിൽ
നോക്കി മദ്ധ്യേ ദൃഷ്ടിവച്ചു കൺതടങ്ങൾ
പുരികവുമേറ്റി വക്രതമുടനേ തിരിക.

# 6)ഭയാനകം

നേത്രങ്ങളേറ്റം തളിച്ചു ഗാത്രവും മുഖവും തമ്മിൽ
തെല്ലുടഞ്ഞു തിരിക വേണം ഇരുവശമിതുമാണ്
ദൃഷ്ടിയബ് ഭയാനകമേ.

## 7)രൗദ്രം

കരിമിഴിതാഴ്തി തള്ളിച്ചാചില്ലി രണ്ടും നന്നായി
പൊക്കി കൺ തടങ്ങളിള കിടബോളിത്തിരി ചുണ്ടു
ചലന മുണ്ടു രൗദ്രമേതുസതി.

## 8)ബീഭത്സം

ബീഭത്സം പ്രകൃതം പിട്ടു പ്രകൃതത്തെക്കാട്ടുന്നാതാം
ആധാരമൊട്ടു പിറുപിറുത്തു കാട്ടുമാപ്പുരിക
മദ്ധ്യമൊട്ടടിക്കമഴകൊട്.

പ്രിജിത്ത്.പി

9.എ

# കുന്ന് (കഥ)



ആ ഗ്രാമത്തിന്റെ എല്ലാമെല്ലാമായിരുന്ന ആ കുന്ന്. മാനത്തിലൂടെ ഇഴഞ്ഞുനീങ്ങുന്ന കാർമേഘങ്ങളെ പിടിച്ചുനിർത്തി മഴപെയ്യിച്ച് അവിടത്തെ പുഴകളും തോടുകളും നിറഞ്ഞൊഴുകാൻ സഹായിച്ച കുന്ന്. ശുദ്ധവായു പ്രദാനം ചെയ്യുന്ന നിരവധി മരങ്ങളുടെയും സസ്യങ്ങളുടെയും ജന്മഭൂമി. അവിടുത്തെ പ്രധാന ജലാശയത്തിന്റെ

ഉത്ഭവസ്ഥാനം. ഇങ്ങനെയെല്ലാം ആ ഗ്രാമത്തിന്റെ ജീവന്റെ തുടിപ്പായി മാറിയ ആ കുന്നിൽ പെട്ടെന്നൊരു ദിവസമാണ് യന്ത്രങ്ങളുടെ ഗർജനവും ചില മനുഷ്യാരവങ്ങളും മുഴങ്ങിയത്. ആ കുന്ന് ഇടിച്ചു നിരത്തി അവിടെ കെട്ടിടങ്ങളും മറ്റും നിർമ്മിക്കാനായി എത്തിയതാണവ. പുഴയ്ക്കോ പക്ഷിയ്ക്കോ മരങ്ങൾക്കോ ആർക്കും തന്നെ ഒന്നും ചെയ്യാനായില്ല. ഏതാനും മാസങ്ങൾക്കുള്ളിൽ ആ കുന്നിന്റെ അത്രയും വലുപ്പവും ഉയരവുമുള്ള കെട്ടിട-ങ്ങൾ അവിടെ തല പൊക്കി. വിനോദ സഞ്ചാരികളും മറ്റും 'എക്കോട്ടൂറിസം' എന്ന പേരിൽ അവിടേയ്ക്കൊഴുകിയെത്തി. എന്നാൽ ഇതൊന്നും തന്നെ അധികനാൾ നീണ്ടുനിന്നില്ല. ആ കുന്ന് നശിച്ചതോടെ ആ ഗ്രാമം തന്നെ നശിക്കാൻ തുടങ്ങി. പുഴകളും തോടുകളും വറ്റി, മരങ്ങളും മറ്റും ഉണങ്ങി വീഴുന്നു. ഗ്രാമത്തിന്റെ പരിസ്ഥിതി ആകെ തകിടം മറിഞ്ഞു. ഏതാനും

നാളുകൾക്കുള്ളിൽത്തന്നെ ആ ഗ്രാമം ഇല്ലാതായി. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടല്ല നാം 'എക്കോടൂറിസം' ഉണ്ടാക്കേണ്ടത്. പ്രകൃതി ഒരിക്കലും നമ്മളെ ചതിക്കില്ല. നമ്മൾ തന്നെയാണ് നമ്മുടെ നാശം ഒരുക്കുന്നത്. വിനാശകാലേ വിപരീതബുദ്ധി! എന്ന പ്രയോഗം ഓർത്താൽ നന്ന്


അമൽ ജ്യോതി

9 എ

ആർ. ആർ. വി. ബി. വി. എച്ച്. എസ്സ്.എസ്സ് കിളിമാനൂർ


# ഒരു internet കഥ

ഒരു കൊച്ചു കുഞ്ഞിനോടെന്ന വണ്ണം അവൻ ഓരോന്ന് അവൾക്ക് പറഞ്ഞുകോടുത്തു. എന്നും കുളിയ്ക്കണം, തലമുടി വൃത്തിയാക്കണം. ക്രീം പുരട്ടണം, നഖം വെട്ടണം, വീട് വൃത്തിയാക്കണം, ധാരാളം വെള്ളം കുടിയ്ക്കണം, അമിതഭക്ഷണം കഴിക്കാൻ പാടില്ല, ഇന്റർനെറ്റ് നെറ്റവർക്കിംഗിലും ചാറ്റിഗിലും മിതത്ത്വം കാക്കണം ....

അങ്ങനെ അവൻ പറഞ്ഞുകൊടുക്കാത്തതായി ഒന്നുമില്ല. ഒരു നാൾ ദേഷ്യപ്പെട്ട് അവൻ അവളോട് പറഞ്ഞു. ‘കഴിഞ്ഞ ഒരു വർഷമായി നിന്നോട് ഓരോന്ന് പറയുന്നു’. ഒരു കാര്യമെങ്കിലും ഞാൻ പറഞ്ഞത് നീ കേട്ടിട്ടുണ്ടോ? . നീ ഇനി എന്റെ വീട്ടിൽ വരേണ്ട..നമ്മൾ ഇനി കാണുകയും വേണ്ട. പിറ്റേന്ന്  പതിവ് പോലെ അവളെയും കാത്തിരുന്ന അവന് അവളുടെ മറുപടി. ശരിയാണ് നീ എന്നോട് പറഞ്ഞതൊന്നും കേട്ടിട്ടില്ല. ഇനി വീട്ടിൽ വരരുതെന്നും തമ്മിൽ കാണരുതെന്നും ഇന്നലെ നീ പറഞ്ഞു. അവസാനമായി ഒരു കാര്യമെങ്കിലും നീ പറയുന്നത് കേൾക്കണമെന്നുണ്ടു.’ ഇല്ല, ഇനി നമ്മൾ തമ്മിൽ കാണുന്നില്ല. ഗുഡ് ബൈ....


കേശവ്.എസ്സ്.സജയ്

9A




'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള,

നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിതിയും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ.,

കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവരെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

സാഗർ.എസ്.
9.എ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം
പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം
1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി.

എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കൂൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി.

സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുതൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിതിവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

സാഗർ.എസ്.

9.എ





ചൊവ്വയിൽ ജലമുണ്ടോ എന്ന ചോദ്യത്തിന്ന് ഒരുത്തരം കിട്ടിയിരിക്കുന്നു. ചൊവ്വയിൽ ജലമുണ്ട്. അമേരിക്കൻ ബഹിരാകാശ ഏജൻയായ നാസയിലെ ശാസ്ത്രജ്ഞരാണ് ഇക്കാര്യം ഉറപ്പിച്ചത്. ചൊവ്വയിൽ ഒഴുക്കുന്ന ജലമുണ്ട് എന്നാണ് പുതിയ കണ്ടെത്തൽ

ചൊവ്വയിൽ നിന്നുള്ള പുതിയ ചിത്രങ്ങളിലാണ്.
അരുവിക്കളുടെ അടയാളമുള്ളത്.

വേനൽക്കാലത്ത്
പർവതങ്ങളുടെ ഇടയിലൂടെ താഴ്‌വാരത്തിലേക്ക്
ഒഴുകുന്ന അരുവികളും അവിടെയുണ്ടത്രേ! അന്തരീക്ഷ
താപം കുറയുന്നതോടെ ഇവ ഉറഞ്ഞു പോകുന്നതിന്റെ
അടയാളവും ശാസ്ത്രജ്ഞൻ
കണ്ടെത്തിയിട്ടുണ്ട്.ഇതോടെ ചൊവ്വയിൽ ജീവന്റെ
സാനിദ്ധ്യമുണ്ടെന്ന് വാദത്തിന്റെ ശക്തി കൂടി.

ചൊവ്വയിൽ ഒരു കാലത്ത്
ജലമുണ്ടായിരുന്ന എന്നതിന് മുൻപ്പുതനെ തെളിവുകൾ
ലഭിച്ചിട്ടുണ്ട്.1970 കളിലെ ചില ചൊവ്വാചിത്രത്തിൽ
വരണ്ട നദീതടങ്ങൾ കണ്ടെത്തിയിരുന്നു. പണ്ടെന്നോ
സമുദ്രമുണ്ടായിരുന്നതിന്റെ തെളിവുകളും
കണ്ടെത്തിയിരുന്നു. ഇപ്പോഴും അവിടത്തെ

പ്രതലതലത്തിന് ഈർപ്പമുണ്ടാകാം എന്നാണ്
നിഗമനം.



വൈശാഖ്.എം.എസ്സ്
9 എ

# പഴഞ്ചൊല്ലുകൾ

1.അങ്കവും കാണാം താളിയുമൊടിക്കാം
(രണ്ട് കാര്യം ഒറ്റ പ്രവർത്തി കൊണ്ടു സാധിക്കുക)

2.അമ്മായി ഉടച്ചത് മൺകുടം, മരുമകളുടച്ചത് പൊൻകുടം.
(ഇഷ്ടമുള്ളവരുടെ തെറ്റ് നിസ്സാരമായും ഇഷ്ടമില്ലാത്തവരുടേത്
ഭീമമായും കാണുക)

3.അല്ലലുള്ള പുലയിയേ ചുള്ളിയുള്ള കാടറിയൂ.
(ബുദ്ധിമുട്ടുണ്ടെങ്കിൽ മാത്രമേ പണിയെടുക്കുകയുള്ളൂ)

4.ചക്കിന് വെച്ചത് കൊക്കിന് കൊള്ളുക

(ലക്ഷ്യം പിഴക്കുക)

5.കുളിക്കാതെ ഈറൻ ചുമക്കുക

(കുറ്റം ചെയ്യാതെ ആരോപണ വിധേയനാകുന്നു)

6.കൈ നനയ്കാതെ മീൻ പിടിക്കുക

(ബുദ്ധിമുട്ടാതെ കാര്യം നേടുക)

7.ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം

(ഇഷ്ടമിലാത്തവർ എന്ത് പ്രവൃത്തി ചെയ്താലും കുറ്റം കാണുക)

8.കാക്കയ്ക്കും തൻ പിള്ള പൊൻപിള്ള

(ഓരോരുത്തർക്കും അവരവരുടെ ആളുകളോട് പ്രത്യേക മമത തോന്നുക)

പ്രിജിത്ത്.പി

9.A



# പഴഞ്ചൊല്ലുകളും പഴമൊഴികളും

1)പുകഞ്ഞകൊള്ളി പുറത്ത്.

2)കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം.

3)സമ്പത്ത് കാലത്ത് തൈപത്ത് വച്ചാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം.

4)എല്ലുമുറിയെ പണിചെയ്താൽ പല്ലുമുറിയെ തിന്നാം.

5)വേണമെങ്കിൽ ചക്ക വേരിലും കായക്കും.

6)ഒത്തുപിടിച്ചാൽ മലയും പോരും.

7)കാക്കയ്ക്ക് തൻകുഞ്ഞ് പൊൻകുഞ്ഞ്.

8)ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

9)കാക്ക കുളിച്ചാൽ കൊക്ക് ആകില്ല.

# കടങ്കഥകൾ

1)ആന കേറാമല ആൾ കേറാമല ആയിരം കാന്താരി പൂത്തിറങ്ങി.

2)മത്തൻ നട്ടാൽ കുമ്പളം മുളയ്ക്കില്ല.

അമൽ.എസ്സ്
8
ആർ.ആർവി.ബി.വി.എച്ച്.എസ്സ്.എസ്സ്
കിളിമാനൂർ




# പൊള്ളുന്ന ജീവൻ

പനിപിടിച്ചിരിക്കുന്നുവോ ഭൂമി നിനക്കും
ചുട്ടു പ്പൊള്ളിത്തുടങ്ങിയോ നിൻദേഹമൊക്കെയും കണ്ടു
സഹായിക്കാൻ തുടങ്ങിയോ മാനവപ്രവൃത്തികൾ
വെന്തു വെണ്ണീറാവാൻ തുടങ്ങുമ്പോഴും
സംരക്ഷിക്കുന്ന നിൻ മക്കളാം മാനവരെ
സുഖിച്ചു വാഴുമ്പോഴുമവർ തൻ മനസ്സില്ലൊരിറ്റു സ്നേഹവും
കരുണയും മരിക്കാൻ തുടങ്ങുന്ന അമ്മയെ മക്കൾ
അരിച്ചരിച്ചു വിശപ്പടക്കുംപോലെ

കാർന്നു കാർന്നു തിന്നുന്നു നിന്നെയും
ഒന്നുമേ ബാക്കി വച്ചിടാതെ
വറ്റിവരണ്ടുപ്പോയ് നിൻ ഉമിനീരാം നദികൾ പിട്ക്കുന്നിവിടെ

ജീവനായ് ചില ജീവികൾ അറിയുന്നില്ല നിൻ വേദനയാരുമേ
വിളിച്ചോതുന്നില്ല ആരും നിൻ സഹനങ്ങൾ
തണൽമരത്തിൽ കീഴിലേറുന്ന അണ്ണാൻ
ചൂടെന്തന്നറിയാത്തെ പോലെ, ജീവിക്കുന്നു മനുഷ്യൻ
അല്ലയോ, മാനവരാം മക്കളെ അറിയൂ മാതാവിൽ സഹനങ്ങൾ
അമ്മയിലാതെ ജീവിക്കാൻ ആവുമോ
ജീവനുള്ള കാലത്തിലൊക്കെയും.



abhay
8.A




# പൊള്ളുന്ന ജീവൻ


പനിപിടിച്ചിരിക്കുന്നുവോ ഭൂമി നിനക്കും
ചുട്ടു പ്പൊള്ളിത്തുടങ്ങിയോ നിൻദേഹമൊക്കെയും കണ്ടു
സഹായിക്കാൻ തുടങ്ങിയോ മാനവപ്രവൃത്തികൾ
വെന്തു വെണ്ണീറാവാൻ തുടങ്ങുമ്പോഴും
സംരക്ഷിക്കുന്ന നിൻ മക്കളാം മാനവരെ
സുഖിച്ചു വാഴുമ്പോഴുമവർ തൻ മനസ്സില്ലൊരിറ്റു സ്നേഹവും
കരുണയും മരിക്കാൻ തുടങ്ങുന്ന അമ്മയെ മക്കൾ
അരിച്ചരിച്ചു വിശപ്പടക്കുംപോലെ

കാർന്നു കാർന്നു തിന്നുന്നു നിന്നെയും
ഒന്നുമേ ബാക്കി വച്ചിടാതെ
വറ്റിവരണ്ടുപ്പോയ് നിൻ ഉമിനീരാം നദികൾ പിട്ക്കുന്നിവിടെ


ജീവനായ് ചില ജീവികൾ അറിയുന്നില്ല നിൻ വേദനയാരുമേ
വിളിച്ചോതുന്നില്ല ആരും നിൻ സഹനങ്ങൾ
തണൽമരത്തിൽ കീഴിലേറുന്ന അണ്ണാൻ
ചൂടെന്തന്നറിയാത്തെ പോലെ, ജീവിക്കുന്നു മനുഷ്യൻ
അല്ലയോ, മാനവരാം മക്കളെ അറിയൂ മാതാവിൽ സഹനങ്ങൾ
അമ്മയിലാതെ ജീവിക്കാൻ ആവുമോ
ജീവനുള്ള കാലത്തിലൊക്കെയും.

abhay
8.A






# പോഷകങ്ങൾ പോരാതെ വന്നാൽ




സസ്യങ്ങളെല്ലാം സ്വപോഷികളാണ്.അതായത് തങ്ങൾക്ക് ആവശ്യമുള്ള ഭക്ഷണം അവ സ്വയം തന്നെ നിർമിക്കു. കീഭോജ്യസസ്യങ്ങൾ അടിസ്ഥാന പരമായി സ്വപോഷികൾ തന്നെയാണെങ്കിലും ഇടയ്ക്ക് അവ പരപോക്ഷികളായി ആൾമാറാട്ടം നടത്തുന്നു. ഇവ്യ്ക്ക് സാധാരണ സ്വപോഷിസസ്യങ്ങളെപ്പോലെ വേരുകളും ഇലകളും പോഷവസ്തുകളും സ്വയം നിർമ്മിക്കാൻ ആവശ്യമായ മുഴുവൻ ആന്തരിക സവിധാനം സ്വന്തമായി ഉണ്ട്.ഇത്തരം സാഹചര്യങ്ങളിൽ വളരുന്ന ചെടികൾക്ക് ജന്തുജന്യമായ അനുകലങ്ങൾ കാലങ്ങൾണ്ട് പരിണമിച്ച് വരുകയും ഇത്തരം ചെടികൾ ഭാഗികമായി പരപോഷിസ്വഭാവം കാണിച്ചു തുടങ്ങുകയും ചെയ്യുന്നു.

Sreehari

സസ്യങ്ങളെല്ലാം സ്വപോഷികളാണ്.അതായത് തങ്ങൾക്ക്
ആവശ്യമുള്ള ഭക്ഷണം അവ സ്വയം തന്നെ നിർമിക്കു.
കീഭോജ്യസസ്യങ്ങൾ അടിസ്ഥാന പരമായി സ്വപോഷികൾ
തന്നെയാണെങ്കിലും ഇടയ്ക്ക് അവ പരപോക്ഷികളായി
ആൾമാറാട്ടം നടത്തുന്നു. ഇവ്യ്ക്ക് സാധാരണ
സ്വപോഷിസസ്യങ്ങളെപ്പോലെ വേരുകളും ഇലകളും
പോഷവസ്തുകളും സ്വയം നിർമ്മിക്കാൻ ആവശ്യമായ മുഴവൻ
ആന്തരിക സവിധാനം സ്വന്തമായി ഉണ്ട്.ഇത്തരം
സാഹചര്യങ്ങളിൽ വളരുന്ന ചെടികൾക്ക് ജന്തുജന്യമായ
അനുകലങ്ങൾ കാലങ്ങൾണ്ട് പരിണമിച്ച് വരുകയും ഇത്തരം
ചെടികൾ ഭാഗികമായി പരപോഷിസ്വഭാവം കാണിച്ചു
തുടങ്ങുകയും ചെയ്യുന്നു.

Sreehari
8d



# പ്രണയം (കഥ)

ദിവസങ്ങളങ്ങനെ കടന്ന് പോയിക്കൊണ്ടിരിക്കുകയാണ് ഇതുവരെ ഒരു കത്തും കിട്ടിയില്ല വർഷം 1980. കത്തുകളായിരുന്നു ആശയവിനിമയത്തിനുള്ള ഏക മാർഗ്ഗം .കത്ത് കിട്ടാതെ അക്ഷമമായിയിരിക്കുന്ന ഒരു കാമുകി  അവളാണിങ്ങനെ പറയുന്നത്.അവളുടെ പേര് അശ്വതി എന്നാണ് കോഴിക്കോട്ടിൽ ജോലിചെയ്യാനായി പോയ തന്റെ പ്രിയതമന്റെ കത്തിന് വേണ്ടി കാത്തിരിക്കുകയാണ് അവൾ.പ്രിയതമന്റെ പേര് ശ്രീക്കുട്ടൻ എന്നായിരുന്നു.ശ്ശൊ ഈഏട്ടന്റെ ഒരു കാര്യം ഇതുവരെ ഒരു കത്തും അയച്ചില്ല.ദുഃഖിച്ചിരുന്ന അശ്വതി അപോഴാണ്

വെളിയിൽ ഒരു ശബ്ദം 'ആരാണ് അത് !' അവൾ അക്ഷമയായി വാതിൽക്കൽ ചെന്നു.ഇവിടെ അശ്വതി ആരാണ് ? പോസ്റ്റമാൻ ചോദിച്ചു. അതെ ഞാൻ തനെയാണ് അശ്വതി അവൾ പറഞ്ഞു.ഇത് നിങ്ങൾക്കുള്ള കത്താണ്. കത്ത് കിട്ടിയപോൾ അവളുടെ മുഖം പൂർണ്ണചന്ദ്രപ്രഭയോടെ തെളിഞ്ഞു അവൾ കത്ത് പൊട്ടിച്ച് വായിച്ചു. കത്തിന്റെ ഉള്ളടക്കം ഇതായിരുന്നു വരുന്ന 4-ാം തീയതി ഞൻ നാട്ടിൽ വരും എന്ന്. അവൾക്ക് വിശ്വസിക്കാനായില്ല. ഇത് തന്റെ പ്രീയതമനായ ശ്രീക്കുട്ടന്റെ കത്താണ്.


അവളുടെ മനസ്സ് ഒരു പുളിമാനപ്പോലെ ഏതോ ഒരു മായാവനത്തിൽ ഉലാത്തുകയായിരുന്നു. ശ്രീക്കുട്ടനെ കാണുന്നതിനായി അവൾ ദിവസങ്ങൾ എണ്ണിനീക്കി.അങ്ങനെ നാലാമത്തെ ദിവസം രാവിലെ അശ്വതി എണിച്ചു വീട്ടുജോലികൾ ചെയ്ത്തു തീർത്തു വീച് വിട്ടിറങ്ങി, നേരേ കവലയിലേക്ക് നടന്നു . കവലയിലെത്തിയ അവൾ ഒരു ആൽത്തറയിലിരുന്നു. കുറേനേരം കാത്തിരുന്നു. അങ്ങനെയിരിക്കെ അവൾ നോക്കിനിൽക്കെ ഒരു കാളവണ്ടി

അതിലെ വന്ന് നിന്നു. അശ്വതി നോക്കി നിൽക്കെ ശ്രീക്കുട്ടൻ അതിൽ നിന്നിറങ്ങി. അശ്വതി ശ്രീക്കുട്ടന്റെ അടുത്തേക്ക് ഓടിയെത്തി. ശ്രീക്കുട്ടൻ അശ്വതിയോട് ചോദിച്ചു അച്ചു എപ്പോഴാവന്നതെ കുറേ നേരമായോ ഒന്നുപ്പോ ശ്രീക്കുട്ടാ എന്തോ ഇത്ര വൈകിയേ അശ്വതി പറഞ്ഞു. ഓ അതോ ട്രെയിൻ എത്താൻ താമസിച്ചു അതുകൊണ്ടാ. ശ്രീക്കുട്ടൻ മറുപടി പറഞ്ഞു. അശ്വതി ശ്രീക്കുട്ടനെ അവന്റെ വീട്ടു പടിക്കൽ വരെ കൊണ്ടെത്തിച്ചു.

അടുത്തദിവസം അവർ രാവിലെത്തനെ എന്നും സൊള്ളാറുള്ള പുഴകടവിന്റെ അടുത്തുള്ള മാവിൻ ചുവച്ചുവട്ടിലെത്തി അവർ പരസ്പരം ഇണങ്ങിയ മാൻപേടകൾ പോലെ തൊട്ട്ത്തൊട്ട് ഇരുന്നു സംസാരിച്ചു. ഇവർ തമ്മിലുള ഈ അടുപ്പം ഇഷ്ടപ്പെടാത്തതും,ശ്രീക്കുട്ടന്റെ ശത്രുവായ അരവിന്ദൻ ഇത് കണ്ടു. അരവിന്ദൻ ഈ വിഷയം ഇരുവരുടേയും വീട്ടിൽ ഈ വിവരം സൂചിപ്പിച്ചു. ഇരുവീടുകളും തമ്മിൽ വഴക്കായി ആകെ ബഹളമായി അവിടത്തെ അന്തരീക്ഷത്തിനെല്ലാം ബഹള സമയം , ശ്രീക്കുട്ടന് വേറേ ആലോചനകൾ ബ്രോക്കർ രാമൻ കുട്ടി കൊണ്ടുവന്നു. കല്ല്യാണമുറപ്പിച്ചു. കല്ല്യാണദിവസത്തിന്റെ

തലേന്നാൾ ശ്രീക്കുട്ടൻ തൂങ്ങിമരിച്ചു ശ്രീക്കുട്ടന്റെ അമ്മയും അച്ഛനും കരഞ്ഞുതളർന്നു.  പോസ്റ്റുമാർട്ടത്തിനു ശേഷം കൊണ്ടുവന്ന ശ്രീക്കുട്ടന്റെ മൃതദേഹം ആംബുലൻസിൽ നിന്നിറക്കി ചിതയിൽ വെച്ചു. ശ്രീക്കുട്ടന്റെ അച്ഛ ചിത്യ്ക്ക തീകൊളുത്തി ചിതആളിക്കത്തി. ഇത് കണ്ടുനിന്ന അശ്വതി ഓടിവന്ന് ആ ചിതയിൽ ചെന്ന് ചാടി എന്നിട്ട് പറഞ്ഞു 'എന്റെ ശ്രീക്കുട്ടാ ഈ ജന്മം അല്ലെങ്കിൽ അടുത്ത ജന്മം നമ്മുക്ക് ഒന്നാകാം' ശ്രീക്കുട്ടനും അശ്വതിയും ആ ചിതയിലെരിഞ്ഞ് വെണ്ണീറായി.

ജിഷ്ണു ജോതി
8c
ആർ.ആർ.വി.ബി.വി.എച്ച്.എസ്സ്.എസ്സ്
കിളിമാനൂർ




# വൈദ്യുതമത്സ്യങ്ങൾ

പ്രത്യേകതരം നാഡീകോശങ്ങളാൽ നിർമ്മിക്കപ്പെട്ട വൈദ്യുത അവയവം (electrnic organ)ഉപയോഗിച്ചാണ് ഇലക്ട്രിക് ഈലും(electric eel) ഇലക്ട്രിക്ക് റെ (electric ray)യും വളരെ പ്രസിദ്ധമായ വൈദ്യുതമത്സ്യങ്ങളാണ്.

abhinav
8a






# മഹാനായ എ.പി.ജെ.അബ്ദുൽ കലാം ബഹിരാകാശ ശാസ്ത്രത്തിനു നൽകിയ സംഭാവനകൾ

1)1960-ൽ പ്രതിരോധ ഗവേഷണ വികസന സ്ഥാപനമായ

ഡി.ആർ.ഡി.ഓയിൽ ശാസ്ത്രജ്ഞനായി തുടക്കം.

2)തുടക്കം കരസേനക്കുവേണ്ടി ഹെലിക്കോപ്റ്ററുകൾ രൂപ
കൽപനച്ചെയ്യ്തു കൊണ്ട്.

3)1965-ൽ റോക്കറ്റുകളുടെ രൂപകൽപ്പന തുടങ്ങി.

4)1969-ൽ ഐ.എസ്സ്.ആർ.ഓയിൽ സ്ഥലമാറ്റം വഴിത്തിരവ്.

5)ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ആദ്യ ഉപഗ്രഹ
വിക്ഷേപപേടകം എസ്സ്.എൽ.വി.ത്രീയിന്റെ പ്രോജക്ട് ഡയറക്ടർ.

6)1980 ജൂലയിൽ രോഹിണി എന്ന കൃത്രിമ ഉപഗ്രഹത്തെ
ലക്ഷ്യത്തിൽ എത്തിച്ചു കലാമും എസ്സ്.എൽ.വിയും.

7)1992-1999 കാലഘട്ടത്തിൽ പ്രധാന മന്ത്രിയുടെ മുഖ്യശാസ്ത്ര
ഉപതേഷ്ടാവ് ഡി.ആർ.ഡി.ഒയുടെ സെക്രട്ടറി.

8)1999-ൽപൊഖ്റാൻ ആണവപരീക്ഷണം നടന്നപ്പോൾ
നിർണായക.പങ്കു വഹിച്ചു.

പ്രിജിത്ത്.പി

9.A



# കംപ്യൂട്ടർ ലോകത്തെ രാജാവ് ബിൽഗേറ്റ്സ്

മൈക്രോസോഫ്റ്റിനും ലോക സാമ്പത്തിക രംഗത്തിനും സമാനപദമാണിത് - ബിൽഗേറ്റ്സ്. അമേരിക്കൻ വ്യവസായിയും മൈക്രോകംപ്യൂട്ടർ മാർഗ്ഗദർശിയുമായി ലോകം മുഴുവൻ നിറയുന്ന വ്യക്തിത്വമായി ബിൽ ഗ്രേറ്റ്സ് മാറയിരിക്കുന്നു. സുഹൃത്ത് പോൾ അലനോടൊപ്പം സ്ഥാപിച്ച മൈക്രോസോഫ്റ്റ് കോർപ്പറേഷന്റെ ചെയർമനും ചീഫ് എഞ്ചിനീയറുമാണിന്ന് ബിൽഗേറ്റ്സ്. വില്ല്യം ഹെന്റിഗേറ്റ്സ് ജൂനിയറിന്റെയും മേരിഗേറ്റ്സിന്റെയും മകനായി 1955 ഒക്ടോബർ 28 ന് വാഷിംഗ്ടണിലെ സിയാറ്റിലാണ് ബിൽഗേറ്റ്സ് ജനിച്ചത്. പിതാവ് അറിയപ്പെടുന്ന അഭിഭാഷകനും മാതാവ് ഇന്റർസ്റ്റേറ്റ് ബാങ്കായ ബർക്ക് ഷെയർ ഹാത്ത് വേയിലെ അംഗവുമായിരുന്നു

കേശവ്.എസ്സ്.സജയ്



# ആർ.ആർ.വി.ബി.വി.എച്ച്.എസ്സ്.എസ്സ് കിളിമാനൂർ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ





അഭിമാനതിളക്കം

ലിറ്റിൽകൈറ്റ്സിന്റെസംസ്ഥാന

തലക്യാമ്പിൽപങ്കെടുത്ത

കാർത്തിക്.എസ്.സജയ്